പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :520 08.08.2017

ലെ മറുപടിക്ക്

## വടവന്നൂർ പഞ്ചായത്തിലുള്ള തൊണ്ട് സംസ്കരണ യൂണിറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ബാബു | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) നെന്മാറ നിയോജക മണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിലുള്ള തൊണ്ട് സംസ്കരണ യൂണിറ്റിന്റെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) കഴിഞ്ഞ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ സംസ്കരണ യൂണിറ്റിൽ നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; | ബി) യൂണിറ്റിന്റെ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു. വൈദ്യുതി കുടിശ്ശിക അടച്ചുതീർത്തു. ചകിരി സംസ്കരണവുമായി ബന്ധപ്പെട്ട മെഷിനറികൾ മാറ്റി സ്ഥാപിച്ചു. ഫൈബർ ഉണക്കുന്നതിനുള്ള യാർഡിന്റെ പ്രവർത്തികൾ നടന്നു വരുന്നു. ഈ യൂണിറ്റിൽ തൊണ്ട് സംഭരണം, ചകിരി, ചകിരിച്ചോറ് എന്നിവയുടെ ഉല്പാദനം നടത്താനാണ് ഉദ്ദേശിക്കുന്നത്. |
| സി) ഇതിനായി എത്ര ഫണ്ടാണ് വകയിരുത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ? | സി) ഈ യൂണിറ്റിന്റെ പ്രവർത്തികൾ നടപ്പാക്കുന്നതിന് കയർ ഫെഡിന് 3 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ